**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 833** **11-02-2025 - ൽ മറുപടിയ്ക്ക്**

**പ്രൊഫഷണൽ കോഴ്സുകൾ പഠിക്കുന്നവർക്കുള്ള സാമ്പത്തിക സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗത്തിലെ കുട്ടികൾക്ക് ഏതെല്ലാം കാര്യങ്ങൾക്കാണ് സാമ്പത്തിക സഹായം നൽകിവരുന്നതെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ പ്രൊഫഷണൽ കോഴ്സുകളിൽ മെറിറ്റ്/റിസർവേഷനിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പായി സംസ്ഥാന സർക്കാർ/യൂണിവേഴ്സിറ്റി/സർക്കാർ ചുമതലപ്പെടുത്തിയ ഏജൻസികൾ/ ഫീ ഫിക്സേഷൻ കമ്മിറ്റി തുടങ്ങിയവ നിശ്ചയിച്ച നിരക്കിലുള്ള ട്യൂഷൻ ഫീസ്, എക്സാം ഫീസ്, സ്പെഷ്യൽ ഫീസ് എന്നിവ ഉൾപ്പെടുന്ന Compulsory Non-Refundable feesഉം, സ്റ്റേറ്റ് അക്കാഡമിക് അലവൻസുകളായ ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ്, പോക്കറ്റ് മണി, ഹോസ്റ്റൽ ഫീസ് എന്നിവ ലഭിക്കുന്നു . |
| (ബി) | സംസ്ഥാനത്തും രാജ്യത്തെ മറ്റ് സർവ്വകലാശാലകളിലും പഠിക്കുന്ന ഈ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുമോ; | (ബി) | സർക്കാർ ഉത്തരവ് (അച്ചടി) നം, 2/2023 പജാപവവിവ തീയതി 05.01.2023 പ്രകാരം സംസ്ഥാനത്തിന് അകത്തും പുറത്തും വിവിധ കോഴ്സുകളിൽ പഠനം നടത്തിവരുന്നതും മെറിറ്റ്/റിസർവേഷനിൽ പ്രവേശനം നേടിയതുമായ പട്ടിക ജാതി വിഭാഗം വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം ലഭിക്കുന്നതാണ്.<br><br>ദേശീയപ്രാധാന്യമുള്ള സ്ഥാപനങ്ങൾ, സെൻട്രൽ/സ്റ്റേറ്റ് യൂണിവേഴ്സിറ്റി/യു.ജി.സി അംഗീകാരമുള്ള സ്വയംഭരണ കോളേജുകൾ, ഡീംഡ് യൂണിവേഴ്സിറ്റികൾ, സംസ്ഥാന സർക്കാരിന്റെയോ, കേന്ദ്രസർക്കാരിന്റെയോ അംഗീകാരമുള്ള യൂണിവേഴ്സിറ്റിയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ളതും ബഹു. സുപ്രീം കോടതി നിർദ്ദേശപ്രകാരമുള്ള ഫീ ഫിക്സേഷൻ കമ്മിറ്റിയുടെ പരിധിയിൽ വരുന്നതുമായ സ്വകാര്യ പ്രൊഫഷണൽ സ്ഥാപനങ്ങൾ, കേന്ദ്ര സംസ്ഥാന സർക്കാർ അംഗീകാരമുള്ളതും, ഡിപ്ലോമ കോഴ്സ് |

നടത്തുന്നതുമായ സ്ഥാപനങ്ങൾ, NMC/AICTE തുടങ്ങിയ അംഗീകൃത ഏജൻസികൾ, 11,12 ക്ലാസുകൾ അംഗീകാരമുള്ള സ്കൂളുകൾ, കേന്ദ്ര/ സംസ്ഥാന സർക്കാർ നിശ്ചയിച്ചിട്ടുള്ള മറ്റ് നിയന്ത്രണ ഏജൻസികൾ അഫിലിയേറ്റ്/ അംഗീകരിച്ച ആയ കോഴ്സ്/സ്ഥാപനങ്ങൾ, NCVTയുടെ അംഗീകാരമുള്ള വൊക്കേഷണൽ ട്രെയിനിംഗ് സ്ഥാപനങ്ങൾ എന്നീ സ്ഥാപനങ്ങളിലെ കോഴ്സുകൾക്കാണ് സ്കോളർഷിപ്പ് ലഭിക്കുന്നത്.

**<u>സംസ്ഥാനത്തിനകത്തുള്ള സ്കോളർഷിപ്പ് ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.</u>**

1. കേന്ദ്ര/സംസ്ഥാന സർക്കാരുകൾ, കേന്ദ്ര/ സംസ്ഥാന യൂണിവേഴ്സിറ്റികൾ, കേന്ദ്ര/ സംസ്ഥാന സർക്കാർ ഏജൻസികൾ, കേന്ദ്ര/ സംസ്ഥാന സർക്കാർ നിയന്ത്രണത്തിലുള്ള ബോർഡുകൾ തുടങ്ങിയവ സംസ്ഥാന തലത്തിലോ അഖിലേന്ത്യാ തലത്തിലോ നടത്തുന്ന പ്രവേശന പരീക്ഷകളിലൂടെ മെറിറ്റ്/ റിസർവേഷൻ അടിസ്ഥാനത്തിൽ അലോട്ട്മെന്റ് വഴി പ്രവേശനം നേടുന്നവർക്ക് മാത്രം സ്കോളർഷിപ്പിന് അർഹതയുണ്ടായിരിക്കും

2. യൂണിവേഴ്സിറ്റികളുടെ ഏകജാലക സംവിധാനം വഴി മെറിറ്റ്/റിസർവേഷൻ അടിസ്ഥാനത്തിൽ പ്രവേശനം നേടുന്നവർക്കും മെറിറ്റ്/ റിസർവേഷൻ പാലിച്ച് സ്പോട്ട് അഡ്മിഷൻ വഴി പ്രവേശനം നേടുന്നവർക്കും അലോട്ട്മെന്റ് മെമ്മോയുടെ അടിസ്ഥാനത്തിൽ സ്കോളർഷിപ്പിന് അർഹതയുണ്ടായിരിക്കും.

3. സ്പോർട്സ് ക്വോട്ടയിലും ഡിഫൻസ് ക്വോട്ടയിലും സംസ്ഥാനത്തിനകത്ത് പ്രവേശനം ലഭിക്കുന്ന പട്ടികജാതി/പട്ടികവർഗ വിഭാഗം വിദ്യാർഥികൾക്കും സ്കോളർഷിപ്പിന് അർഹതയുണ്ടായിരിക്കും.

സർക്കാർ/സർക്കാർ അംഗീകൃത ഏജൻസികൾ നടത്തുന്ന അഖിലേന്ത്യാതലത്തിലുള്ള പ്രവേശന പരീക്ഷയിലൂടെ മെറിറ്റ്/റിസർവേഷൻ അടിസ്ഥാനത്തിൽ പ്രവേശനം

| | | | |
|---|---|---|---|
| | | | നേടുന്നവർക്കും, സുതാര്യവും നീതിയുക്തവുമായ രീതിയിൽ മെറിറ്റ്/ റിസർവേഷനിൽ സ്പോട്ട് അഡ്മിഷൻ നേടുന്നവർക്കുമാണ് ഇതര സംസ്ഥാനങ്ങളിലെ പഠനത്തിനായി സ്കോളർഷിപ്പ് ലഭിക്കുന്നതാണ്. |
| (സി) | കഴിഞ്ഞ അഞ്ച് വർഷങ്ങളിലായി ഓരോ വർഷവും എത്ര പേർക്ക് ഇത്തരത്തിലുള്ള സാമ്പത്തികസഹായം ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | (സി) | 2019-20 – 25003<br>2020-21 – 23989<br>2021-22 – 25801<br>2022-23 – 26000<br>2023-24 – 26876<br>2024-25 - 13474 |

സെക്ഷൻ ഓഫീസർ